ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ പൂർണ്ണ അധിക
ചുമതലയുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ. ബി.റ്റി.വി കൃഷ്ണൻ, ബി.ടെക്)

**ഉത്തരവ് : നമ്പർ ബി2/119/2020/എച്ച്ഇസിഇ-1 തീയതി : 03/06/2020**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ-സർട്ടിഫിക്കറ്റ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :- അസാധാരണ ഗസറ്റ് (കേരള) നം. 944 തീയതി. 18/03/2020.

ഈ വകുപ്പിൽ 2020 വർഷത്തേയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ (സിവിൽ - സർട്ടിഫിക്കറ്റ്) വിഭാഗത്തിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതിന് അനുയോജ്യരായ ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തുകൊണ്ട് മേൽ പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്.

സിവിൽ (സർട്ടിഫിക്കറ്റ്) വിഭാഗത്തിൽ നിലവിലുള്ള ഒഴിവിൽ ബൈട്രാൻസ്ഫർ മുഖേന സ്ഥാനക്കയറ്റം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും തോട്ടപ്പള്ളി സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായ ശ്രീ കെ. സതീഷ് ചന്ദ്രൻ, ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണ മേഖലാ കാര്യാലയത്തിലെ ശ്രീമതി. എ.ജി. സുനന്ദ എന്നിവരാണ് സീനിയറായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് അടിയന്തര പ്രാബല്യത്തോട്ടുകൂടി നടപ്പിലാക്കി ഉത്തരവാകുന്നു.

ഹാർബർ എഞ്ചിനീയറിംഗ് തോട്ടപ്പള്ളി സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായ ശ്രീ. കെ. സതീഷ് ചന്ദ്രനെ 39500-83000/- രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കോഴിക്കോട് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ ബൈട്രാൻസ്ഫർ മുഖേന നിയമിച്ചുത്തരവാകുന്നു. ടിയാൻ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണ മേഖലാ കാര്യാലയത്തിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായ ശ്രീമതി. എ.ജി. സുനന്ദയെ 39500-83000/- രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കോഴിക്കോട് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ കാര്യാലയത്തിൽ സ്ഥലംമാറ്റം

T.O/vi

മുലമുള്ള ഒഴിവിൽ ബൈട്രാൻസ്ഫർ മുഖേന നിയമിച്ചുത്തരവാകുന്നു. ടിയാൻ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

ഒപ്പ്

ചീഫ് എൻജിനീയറുടെ പൂർണ്ണ
അധിക ചുമതലയുള്ള ഡെപ്യൂട്ടി
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

1. ശ്രീ. കെ. സതീഷ്ചന്ദ്രൻ, ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ
   (ഓഫീസ് മേധാവി മുഖേന)
2. ശ്രീമതി. എ.ജി. സുനന്ദ, ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ
   (ഓഫീസ് മേധാവി മുഖേന)

പകർപ്പ്:-1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല/മദ്ധ്യമേഖല/ഉത്തരമേഖല
2. എക്സിക്യൂട്ടീവ് എൻജിനീയർ, ആലപ്പുഴ/കോഴിക്കോട്
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, തോട്ടപ്പള്ളി / ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ

ഉത്തരവിൻപ്രകാരം.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ
അധിക ചുമതലയുള്ള സീനിയർ സൂപ്രണ്ട്

T5/vi